"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് കണ്ണൂർ സുവർണ്ണ ജൂബിലി-പരസ്യം അനുവദിച്ചത്- അനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.307/2025/TSM തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:- 1. 09.05.2023 തീയതിയിലെ സ.ഉ.(സാധാ)നം 202/2023/TSM

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29.04.2025 തീയതിയിലെ DOT/566/2025-M1 നം കത്ത്.

**ഉത്തരവ്**

റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് കണ്ണൂരിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2023-ൽ പ്രസിദ്ധീകരിച്ച സുവനീറിലേക്ക് പരസ്യ ഇനത്തിൽ പരാമർശം(1) പ്രകാരം ₹ 1,00,000/- രൂപ അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

2. പരാമർശം(1) ഉത്തരവിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ തുക അനുവദിച്ച് നൽകുന്നതിലേയ്ക്കായി പ്രസ്തുത ഉത്തരവ് 2025-2026 സാമ്പത്തിക വർഷത്തിലേയ്ക്ക് പുതുക്കി നൽകണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് കണ്ണൂരിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2023-ൽ പ്രസിദ്ധീകരിച്ച സുവനീറിലേക്ക് പരസ്യത്തിനായി 3452-80-104-98-00-34-03-P-V-മാർക്കറ്റിംഗ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരമർശം(1) ഉത്തരവ് 2025-

26 സാമ്പത്തിക വർഷത്തിലേക്ക് പുതുക്കി നൽകി ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് ചെയർമാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
റെഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് ചെയർമാൻ
(വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,
തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 29-05-2025 10:44:03
സെക്ഷൻ ഓഫീസർ

1. ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3, വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.